പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2024 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2024 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

# 2024 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

1993 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1993 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 22 -ാം വകുപ്പിന്റെ ഭേദഗതി.—1993 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ആക്റ്റിൽ (1993 -ലെ 3) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 22 -ാം വകുപ്പിന്റെ (6) -ാം ഉപവകുപ്പിന് ശേഷവും വിശദീകരണത്തിന് മുൻപുമായി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) (5) -ാം ഉപവകുപ്പ് പ്രകാരം കോംപിറ്റന്റ് അതോറിറ്റി പരിസരം കൈവശപ്പെടുത്തുകയും കോർപ്പറേഷനിൽ കുടിശ്ശിക അടയ്ക്കുന്നതിൽ ആൾ വീഴ്ച വരുത്തുകയും ചെയ്താൽ, പണം അടയ്ക്കാൻ അയാളോട് ആവശ്യപ്പെട്ടുകൊണ്ട് കോംപിറ്റന്റ് അതോറിറ്റി ഒരു നോട്ടീസ് നൽകേണ്ടതും കോംപിറ്റന്റ് അതോറിറ്റി അനുവദിച്ച സമയത്തിനുള്ളിൽ അയാൾ അപ്രകാരം ഒടുക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്ന സംഗതിയിൽ, കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ ഒരു സ്വതന്ത്ര അംഗീകൃത മൂല്യനിർണ്ണയം നടത്തുന്നയാളെ കൊണ്ട് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയതിനു ശേഷം വാങ്ങുവാൻ താൽപ്പര്യമുള്ള മറ്റൊരാൾക്ക് ആസ്തികൾ സഹിതം സംരംഭം കൈമാറുന്നതുൾപ്പെടെ ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള നടപടി വ്യവസായ യൂണിറ്റിന്റെ ആസ്തികളിൻമേൽ സ്വീകരിക്കേണ്ടതും കോർപ്പറേഷനിലേക്കുള്ള കുടിശ്ശികകൾ ഈടാക്കുന്നതിലേയ്ക്കായി ആസ്തികൾ വിൽക്കേണ്ടതുമാകുന്നു .".

3. <u>30-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 30 -ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അയാൾക്ക് കുറ്റസ്ഥാപനത്തിൻമേൽ പതിനായിരം രൂപവരെ ആകാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "അയാൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഒരു പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(ii) (2) -ാം ഉപവകുപ്പിൽ, "ഏതൊരാൾക്കും അയ്യായിരം രൂപാവരെ ആകാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഏതൊരാളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>42 -ാം വകുപ്പ് വിട്ടുകളയൽ.</u>—പ്രധാന ആക്റ്റിലെ 42 -ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

5. <u>43 -ാം വകുപ്പ് വിട്ടുകളയൽ.</u>—പ്രധാന ആക്റ്റിലെ 43 -ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

6. <u>45 -ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 45 -ാം വകുപ്പിൽ, "ആൾക്ക് കുറ്റം സ്ഥാപിക്കപ്പെടുന്നപക്ഷം മൂന്ന മാസം വരെയാകാവുന്ന വെറും തടവോ മൂവായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയതായ ശിക്ഷയോ നൽകാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ആൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഒരു പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

7. <u>46 -ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 46 -ാം വകുപ്പിൽ, "ആൾക്ക്, കുറ്റം സ്ഥാപിക്കപ്പെടുന്നപക്ഷം, മൂന്ന മാസം വരെയാകാവുന്ന തടവോ മൂവായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയതായ ശിക്ഷയോ നൽകാവുന്നതാണ്" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ആൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഒരു പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

8. <u>47 -ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 47 -ാം വകുപ്പിൽ, "ആൾക്ക്, കുറ്റം സ്ഥാപിക്കപ്പെടുന്നപക്ഷം മൂന്ന മാസം വരെയാകാവുന്ന വെറും തടവോ അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയതായ ശിക്ഷയോ നൽകാവുന്നതാണ്" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "ആൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഒരു പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

9. <u>48 -ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 48 -ാം വകുപ്പിൽ, "ആൾക്ക്, കുറ്റം സ്ഥാപിക്കപ്പെടുന്നപക്ഷം, ആയിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷ നൽകാവുന്നതാണ്" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ആൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഒരു പിഴശിക്ഷയ്ക്ക് വിധേയനാകുന്നതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

10. 48 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 48 -ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"48 എ. പിഴ ചുമത്താൻ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള അധികാരം.—(1) ഈ ആക്റ്റിലെ 30, 45, 46, 47, 48 എന്നീ വകുപ്പുകൾ പ്രകാരം പിഴ ചുമത്തുന്ന ആവശ്യത്തിലേക്കായി സർക്കാരിന്, കോർപ്പറേഷനിലെ ഒരു ജനറൽ മാനേജരുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതും, അദ്ദേഹം, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു അന്വേഷണം നടത്തിയ ശേഷം ഈ ആക്റ്റ് പ്രകാരമുള്ള, ഒരു പിഴ ചുമത്തേണ്ടതുമാണ്.

(2) അന്വേഷണം നടത്തുമ്പോൾ, ഉദ്യോഗസ്ഥന് വിഷയത്തിന്റെ വസ്തുതകളുമായും സാഹചര്യങ്ങളുമായും നേരിട്ട് അറിവുള്ള ഏതൊരു ആളെയും തെളിവ് നൽകുന്നതിനായോ അല്ലെങ്കിൽ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ അന്വേഷണവുമായി ബന്ധപ്പെട്ട വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ, ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ ഏതൊരാളെയും വിളിച്ചുവരുത്തുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതും അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതുമാണ്.

(3) (2) -ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു ഉത്തരവിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ സർക്കാർ നിയോഗിക്കുന്ന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ആയ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും ഒരു അപ്പീൽ നൽകാവുന്നതാണ് :

എന്നാൽ, യഥാസമയം അപ്പീൽ നൽകുന്നതിൽ നിന്നും മതിയായ കാരണത്താൽ അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് അപ്പലേറ്റ് അതോറിറ്റിക്ക് ബോധ്യമാകുന്നപക്ഷം, നിശ്ചിത സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം ബോധിപ്പിക്കുന്ന അപ്പീലും അപ്പലേറ്റ് അതോറിറ്റിക്ക് പരിഗണിക്കാവുന്നതാണ്.

(4) അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ കക്ഷികളെ കേൾക്കുന്നതിനുള്ള ഒരവസരം നൽകിയതിനുശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നത് ഉചിതമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പാസാക്കാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംരംഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി കേരള നിയമ പരിഷ്കരണ കമ്മീഷൻ അതിന്റെ 19 -ാമത് റിപ്പോർട്ടിൽ 1993 -ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ആക്റ്റിൽ (1993 -ലെ 3) ചില ഭേദഗതികൾ ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ ശിക്ഷാ വ്യവസ്ഥകൾക്ക് പകരം പിഴശിക്ഷ ചുമത്തുവാനാണ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. സർക്കാർ ശിപാർശകൾ പരിഗണിക്കുകയും ആക്റ്റിൽ അനുയോജ്യമായ രീതിയിൽ ഭേദഗതികൾ വരുത്തുവാനും തീരുമാനിച്ചു. അതിനുപുറമേ, 22 -ാം വകുപ്പ് (5) -ാം ഉപവകുപ്പ് പ്രകാരം കോംപിറ്റന്റ് അതോറിറ്റി പരിസരം കൈവശപ്പെടുത്തിയാൽ കോർപ്പറേഷന് ലഭ്യമാകേണ്ട കുടിശ്ശികകൾ ഈടാക്കുവാൻ വേണ്ടി വ്യവസായ യൂണിറ്റിന്റെ ആസ്തികളിൽ ആവശ്യമായ നടപടികളെടുക്കുന്നതിന് കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷനെ അധികാരപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി, പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3 -ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 30 -ാം വകുപ്പ് (1) -ാം ഉപവകുപ്പ്, ഏതെങ്കിലും ആൾ സ്വയമേയോ മറ്റൊരാളുടെ നിർദ്ദേശമനുസരിച്ചോ ഒരു വ്യാവസായിക എസ്റ്റേറ്റിലോ വ്യാവസായിക പ്രദേശത്തോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം നടത്തുകയോ കെട്ടിടത്തിന് രൂപഭേദം വരുത്തുകയോ ചെയ്യുന്നത് ആ കെട്ടിടമോ സ്ഥലമോ ഈ ആക്റ്റിൻ കീഴിൽ ഏത് നിബന്ധനകളനുസരിച്ചാണോ അയാൾ കൈവശം വയ്ക്കുന്നത് ആ നിബന്ധനകൾക്ക് വിരുദ്ധമായിട്ടാണെങ്കിൽ, അയാൾക്കുള്ള പിഴശിക്ഷ നിർണ്ണയിക്കുന്നതിനും;

(ii) 30 -ാം വകുപ്പ് (2) -ാം ഉപവകുപ്പ്, ഒരു വ്യാവസായിക എസ്റ്റേറ്റിലോ വ്യാവസായിക പ്രദേശത്തോ ഏതെങ്കിലും സ്ഥലമോ കെട്ടിടമോ, ആ സ്ഥലമോ കെട്ടിടമോ ഈ ആക്റ്റിൻ കീഴിൽ ഏത് നിബന്ധനകൾക്ക് വിധേയമായിട്ടാണോ ഒരാൾ കൈവശം

വയ്ക്കുന്നത് ആ നിബന്ധനകൾക്ക് വിരുദ്ധമായോ അഥവാ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കിയ റെഗുലേഷനുകളിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായോ, ഉപയോഗിക്കുന്ന ഏതൊരാൾക്കുള്ള പിഴശിക്ഷ നിർണ്ണയിക്കുന്നതിനും,

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 45-ാം വകുപ്പ്, 32-ാം വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഒരാളെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ പ്രവേശിക്കുന്നതിൽ നിന്നും തടയുകയോ അഥവാ ഈ ആക്റ്റുപ്രകാരമോ അതിൻകീഴിലോ നിയമാനുസൃതമായി നൽകപ്പെട്ട ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്കുള്ള പിഴ ശിക്ഷ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 46-ാം വകുപ്പ്, കോർപ്പറേഷനുമായി കരാറിലേർപ്പെട്ട ഏതെങ്കിലും ഒരാളെ തന്റെ കർത്തവ്യം നിർവ്വഹിക്കുന്നതിൽനിന്നോ നടപ്പിലാക്കുന്നതിൽനിന്നോ അഥവാ ഈ ആക്റ്റു പ്രകാരം അയാളെ അധികാരപ്പെടുത്തിയതോ അയാൾ ചെയ്യേണ്ടതോ ആയ ഏതെങ്കിലും കാര്യം ചെയ്യുന്നതിൽ നിന്നോ തടസ്സപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കുള്ള പിഴശിക്ഷ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതിവരുത്താനുദ്ദേശിക്കുന്ന 47-ാം വകുപ്പ്, ഈ ആക്റ്റുപ്രകാരം അധികാരപ്പെടുത്തിയ ജോലികൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി ഏർപ്പെടുത്തിയ ഏതെങ്കിലും വിതാനമോ അതിർത്തിരേഖയോ ദിശയോ സൂചിപ്പിക്കുന്നതിനായി രേഖപ്പെടുത്തിയ ഏതെങ്കിലും അടയാളം നീക്കം ചെയ്യുന്ന ഏതെങ്കിലും ആൾക്കുള്ള പിഴശിക്ഷ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 9-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 48-ാം വകുപ്പ്, അദ്ധ്യായം VI പ്രകാരമോ അതിൻകീഴിലോ നൽകപ്പെട്ട ഏതെങ്കിലും അധികാരം നിയമാനുസൃതമായി വിനിയോഗിക്കുന്നത് തടസ്സപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കുള്ള പിഴശിക്ഷ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 10-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 48 എ വകുപ്പ് (1)-ാം ഉപവകുപ്പ്, പിഴ ചുമത്തുന്നതിനുള്ള അന്വേഷണം നടത്തുന്ന രീതി നിർണ്ണയിക്കുന്നതിനും;

(ii) 48 എ വകുപ്പ് (3)-ാം ഉപവകുപ്പ്, അപ്പലേറ്റ് അതോറിറ്റി മുൻപാകെ ഒരു അപ്പീൽ നൽകുന്നതിനുള്ള ഫാറവും, രീതിയും, ഫീസും നിർണ്ണയിക്കുന്നതിനും,

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിന് ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി.രാജീവ്

(ശരിത്തർജ്ജമ)

# 1993-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ആക്റ്റിൽ (1993-ലെ 3) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

22. കോർപ്പറേഷൻ പരിസരത്തുനിന്നു ആളുകളെ ഒഴിപ്പിക്കാനുള്ള അധികാരം.—(1) കോംപിറ്റൻറ് അതോറിറ്റിക്ക്,—

(എ) കോർപ്പറേഷന്റെ ഏതെങ്കിലും പരിസരം കൈവശം വയ്ക്കുവാൻ അധികാരം നൽകപ്പെട്ടിട്ടുള്ള ആൾ,—

(i) അങ്ങനെയുള്ള പരിസരത്തിന് നിയമാനുസൃതമായി അയാളിൽനിന്നും കിട്ടേണ്ട വാടക രണ്ടുമാസത്തിൽ കൂടുതൽ കാലം നൽകിയിട്ടില്ലെന്നോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള പരിസരം മുഴുവനുമോ അതിന്റെ ഏതെങ്കിലും, ഭാഗമോ കോർപ്പറേഷന്റെ അനുവാദത്തോടു കൂടിയല്ലാതെ കീഴ്‌വാടകയ്ക്കു കൊടുത്തിരിക്കുന്നു വെന്നോ; അല്ലെങ്കിൽ

(iii) പ്രത്യക്ഷമോ പരോക്ഷമോ ആയ ഏതു വ്യവസ്ഥകൾക്കും വിധേയമായിട്ടാണോ അങ്ങനെയുള്ള പരിസരം കൈവശം വയ്ക്കുവാൻ അയാളെ അധികാരപ്പെടുത്തിയത് അവയെ മറുവിധത്തിൽ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്നു വെന്നോ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും ആൾ, കോർപ്പറേഷൻ പരിസരം അനധികൃതമായി കൈവശം വച്ചിരിക്കുന്നുവെന്നോ,

ബോധ്യമാകുന്നപക്ഷം,

1968-ലെ കേരളാ പൊതു കെട്ടിടങ്ങൾ (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ആക്റ്റിൽ (1968-ലെ 25) എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്ത തപാലായോ ഒരു പകർപ്പ് കെട്ടിടത്തിന്റെ പുറംവാതിലിലോ അല്ലെങ്കിൽ അങ്ങനെയുള്ള പരിസരത്തിന്റെ സ്പഷ്ടമായി കാണാവുന്ന മറ്റ് ഏതെങ്കിലും ഭാഗത്തോ പതിച്ചോ അല്ലെങ്കിൽ നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റു രീതിയിലോ നോട്ടീസ് നൽകിക്കൊണ്ട് പരിസരം മുഴുവനായോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ കൈവശം വയ്ക്കുവാൻ അധികാരം നൽകപ്പെട്ടിട്ടുള്ള ആളിനോടോ അല്ലെങ്കിൽ കൈവശം വച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും ആളിനോടോ നോട്ടീസ് നൽകി ഒരുമാസത്തിനുള്ളിൽ പരിസരം ഒഴിയണമെന്ന് കോംപിറ്റന്റ് അതോറിറ്റിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

** ** ** **

(6) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡമോ (ii)-ാം ഉപഖണ്ഡമോ പ്രകാരം ഏതെങ്കിലും പരിസരത്തുനിന്ന് ഒഴിപ്പിക്കാൻ ഏതെങ്കിലും ആൾക്കെതിരെ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ള സംഗതിയിൽ, നോട്ടീസ് നൽകിയ തീയതി മുതൽ

ഒരുമാസത്തിനകമോ അല്ലെങ്കിൽ കോംപിറ്റന്റ് അതോറിറ്റി അനുവദിച്ചേക്കാവുന്ന അങ്ങനെയുള്ള ദീർഘിപ്പിച്ച സമയത്തിനുള്ളിലോ അയാൾ കോർപ്പറേഷന് വാടകക്കുടിശ്ശിക കൊടുത്തു തീർക്കുകയോ ലംഘിക്കപ്പെട്ട ഉപാധികൾ കോംപിറ്റന്റ് അതോറിറ്റിക്കു തൃപ്തികരമാകുംവിധം നടപ്പിലാക്കുകയോ അല്ലെങ്കിൽ മറുവിധത്തിൽ പാലിക്കുകയോ, അതതു സംഗതിപോലെ, ചെയ്യുന്നപക്ഷം കോംപിറ്റന്റ് അതോറിറ്റി അങ്ങനെയുള്ള ആളെ (5)-ാം ഉപവകുപ്പുപ്രകാരം ഒഴിപ്പിക്കുന്നതിനുപകരം (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും, അതിനെ തുടർന്ന് അങ്ങനെയുള്ള ആൾ അയാൾക്ക് നോട്ടീസ് നൽകുന്നതിനു തൊട്ടുമുമ്പ് അയാൾ കൈവശം വച്ചിരുന്ന അതേ ഉപാധികൾ അനുസരിച്ച് പരിസരം കൈവശം വയ്ക്കാവുന്നതും ആണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, കോർപ്പറേഷൻ ഏതെങ്കിലും പരിസരം കൈവശം വയ്ക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഏതൊരു ആളെ സംബന്ധിച്ചും "അനധികൃതമായി കൈവശം വയ്ക്കൽ" എന്ന പ്രയോഗത്തിൽ ഏത് അധികാരത്തിൻ കീഴിലാണോ 'ആ പരിസരം' കൈവശംവയ്ക്കാൻ അയാൾക്ക് അനുവാദം നൽകപ്പെട്ടിരുന്നത് അത് ഉചിതമായ വിധത്തിൽ അവസാനിച്ചതിനുശേഷം അയാളുടേയോ അല്ലെങ്കിൽ അയാൾ മുഖേനയോ അയാൾക്ക് കീഴിലോ കൈവശം അവകാശപ്പെടുന്ന ഏതെങ്കിലും ആളിന്റേയോ കൈവശത്തിന്റെ തുടർച്ച ഉൾപ്പെടുന്നതാണ്.

** ** ** **

30. കൈവശം വയ്ക്കുന്നതിനുള്ള നിബന്ധനകൾക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനം നടത്തുകയോ സ്ഥലവും കെട്ടിടവും ഉപയോഗിക്കുകയോ ചെയ്താലുള്ള ശിക്ഷ.— (1) സ്വയമേയോ മറ്റൊരാളുടെ നിർദ്ദേശമനുസരിച്ചോ ഏതെങ്കിലും ആൾ ഒരു വ്യാവസായിക എസ്റ്റേറ്റിലോ വ്യാവസായിക പ്രദേശത്തോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം നടത്തുകയോ കെട്ടിടത്തിന് രൂപഭേദം വരുത്തുകയോ ചെയ്യുന്നത് ആ കെട്ടിടമോ സ്ഥലമോ ഈ ആക്റ്റിൻകീഴിൽ ഏത് നിബന്ധനകളനുസരിച്ചാണോ അയാൾ കൈവശം വയ്ക്കുന്നത് ആ നിബന്ധനകൾക്ക് വിരുദ്ധമായിട്ടാണെങ്കിൽ, അയാൾക്ക് കുററസ്ഥാപനത്തിൻമേൽ പതിനായിരം രൂപവരെ ആകാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

(2) ഒരു വ്യാവസായിക എസ്റ്റേറ്റിലോ വ്യാവസായിക പ്രദേശത്തോ ഏതെങ്കിലും സ്ഥലമോ കെട്ടിടമോ, ആ സ്ഥലമോ കെട്ടിടമോ ഈ ആക്റ്റിൻകീഴിൽ ഏത് നിബന്ധനകൾക്ക് വിധേയമായിട്ടാണോ ഒരാൾ കൈവശം വയ്ക്കുന്നത് ആ നിബന്ധനകൾക്ക് വിരുദ്ധമായോ അഥവാ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കിയ റെഗുലേഷനുകളിലെ ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിരുദ്ധമായോ, ഉപയോഗിക്കുന്ന ഏതൊരാൾക്കും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

** ** ** **

42. <u>പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരം.</u>— മറ്റ് വിധത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, കോർപ്പറേഷന്റെ വകയോ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ കോർപ്പറേഷനിൽ നിക്ഷിപ്തമായതോ ആയ വസ്തുവിനെ സംബന്ധിച്ചുള്ളതും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായതും ആയ ഏതെങ്കിലും കുറ്റം, കോർപ്പറേഷനിൽ നിന്നോ കോർപ്പറേഷൻ ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം അധികാരപ്പെടുത്തിയ ഏതെങ്കിലും ഒരാളിൽനിന്നോ ലഭിച്ച പരാതിയുടേയോ, വിവരത്തിന്റെയോ അടിസ്ഥാനത്തിലല്ലാതെ, യാതൊരു കോടതിയും പരിഗണനയ്ക്ക് എടുക്കാൻ പാടുള്ളതല്ല.

43. <u>കുറ്റങ്ങൾ രാജിയാക്കൽ.</u>— ഈ ആക്റ്റു പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും എഴുതി രേഖപ്പെടുത്തിയ മതിയായ കാരണങ്ങളാൽ കോർപ്പറേഷന് രാജിയാക്കാവുന്നതാണ്.

** ** ** **

45. <u>പ്രവേശനം തടസ്സപ്പെടുത്തുക മുതലായവയ്ക്കുള്ള ശിക്ഷ.</u>— 32-ാം വകുപ്പു പ്രകാരം, അധികാരപ്പെടുത്തിയ ഒരാളെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ പ്രവേശിക്കുന്നതിൽ നിന്നും തടയുകയോ അഥവാ ഈ ആക്റ്റു പ്രകാരമോ അതിൻകീഴിലോ നിയമാനുസൃതമായി നൽകപ്പെട്ട ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്ക് കുറ്റം സ്ഥാപിക്കപ്പെടുന്ന പക്ഷം മൂന്നു മാസം വരെയാകാവുന്ന വെറും തടവോ മൂവായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയതായ ശിക്ഷയോ നൽകാവുന്നതാണ്.

46. <u>കരാർ അനുസരിച്ചുള്ള കർത്തവ്യം നിർവ്വഹിക്കുന്നതിൽനിന്ന് ആളുകളെ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ.</u>— കോർപ്പറേഷനുമായി കരാറിലേർപ്പെട്ട ഏതെങ്കിലും ഒരാളെ തന്റെ കർത്തവ്യം നിർവ്വഹിക്കുന്നതിൽനിന്നോ നടപ്പിലാക്കുന്നതിൽനിന്നോ അഥവാ ഈ ആക്റ്റുപ്രകാരം അയാളെ അധികാരപ്പെടുത്തിയതോ അയാൾ ചെയ്യേണ്ടതോ ആയ ഏതെങ്കിലും കാര്യം ചെയ്യുന്നതിൽ നിന്നോ തടസ്സപ്പെടുത്തുന്ന ഏതെങ്കിലും ആൾക്ക്, കുറ്റം സ്ഥാപിക്കപ്പെടുന്നപക്ഷം, മൂന്നു മാസം വരെയാകാവുന്ന തടവോ മൂവായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയതായ ശിക്ഷയോ നൽകാവുന്നതാണ്.

47. <u>അടയാളം മുതലായവ നീക്കം ചെയ്യുന്നതിനുള്ള ശിക്ഷ.</u>— ഈ ആക്റ്റുപ്രകാരം അധികാരപ്പെടുത്തിയ ജോലികൾ ചെയ്യുന്ന ആവശ്യത്തിലേക്ക് ഏർപ്പെടുത്തിയ ഏതെങ്കിലും വിതാനമോ അതിർത്തിരേഖയോ ദിശയോ സൂചിപ്പിക്കുന്നതിനായി രേഖപ്പെടുത്തിയ ഏതെങ്കിലും അടയാളം നീക്കം ചെയ്യുന്ന ഏതെങ്കിലും ആൾക്ക് കുറ്റം

സ്ഥാപിക്കപ്പെടുന്നപക്ഷം മൂന്നുമാസം വരെയാകാവുന്ന വെറും തടവോ അഞ്ഞൂറു രൂപവരെയാകാവുന്ന പിഴശിക്ഷയോ അഥവാ രണ്ടും കൂടിയതായ ശിക്ഷയോ നൽകാവുന്നതാണ്.

48. അദ്ധ്യായം VI പ്രകാരമുള്ള അധികാരങ്ങളുടെ വിനിയോഗം തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ.— അദ്ധ്യായം VI പ്രകാരമോ അതിൻകീഴിലോ നൽകപ്പെട്ട ഏതെങ്കിലും അധികാരം നിയമാനുസൃതമായി വിനിയോഗിക്കുന്നത് തടസ്സപ്പെടുത്തുന്ന ഏതെങ്കിലും ആൾക്ക് കുറ്റം സ്ഥാപിക്കപ്പെടുന്നപക്ഷം, ആയിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷ നൽകാവുന്നതാണ്.

** ** ** **